


അമീൻ വി. ചൂനൂർ

അയലത്തെ പശു
ഒരൽപം മോഡേണിസ്റ്റാണ്.
ജനകീയാസൂത്രണത്തിന്റെ
ഭാഗമായി
രണ്ടെണ്ണം പെറ്റ് നിർത്തിയതാണ്.

പാശ്ചാത്യബോധം
അദ്ദേഹത്തിന്റെ മൂക്കുകയർ..
ദേശീയതയുടെ തൊഴുത്തിൽ
അന്തിയുറക്കം..

പിണ്ണാക്ക്,
കാടിവെള്ളം,
വൈക്കോൽ, കുറുന്തോട്ടി–ഇതൊക്കെ
വെറും ഔട്ട് ഓഫ് ഫാഷൻ..

നഗര മധ്യത്തിൽ
നല്ല പളപ്പൻ തീറ്റയുണ്ട്.
ഗോൾഫ് ക്ലബ്ബിന്റെ മുറ്റത്ത്,
നക്ഷത്ര ഹോട്ടലിന്റെ പിറകിൽ,
നഗര വികസനത്തിന്റെ ടാറിട്ട തീറ്റ..
കോൺക്രീറ്റ് പിണ്ണാക്കുകൾ,
കൊക്കക്കോള,
ആണവം കലക്കിയ കുടിവെള്ളം,
കുടിയിറക്കപ്പെട്ടവന്റെ കണ്ണുനീർ,
ആത്മഹത്യ ചെയ്ത കർഷകൻ
വൈകീട്ട് പിന്നെ..
ഒരൽപം മോന്തിയാൽ,
താനെ
മതേതരത്വം അയവിറക്കും..
ജനാധിപത്യം ഛർദിക്കും..
എന്നിട്ട്
ന്യൂനപക്ഷമായ പോത്തുകൾക്കിട്ടു
നാല് കൊട്ടും..
കലപ്പ വലിക്കുന്ന
പാവം കർഷകക്കാളകളുടെ
ദേശീയതയെ സംശയിക്കും..
കശ്മീരിലെ പശു വർഗം മൊത്തം
കാട്ടുപോത്തുകളാണെന്ന്
പ്രസ്താവന നടത്തും..
കണ്ടവന്റെ ന്യൂസ് ഹവറുകളിൽ
മേഞ്ഞു നടന്ന് ചാണകമിട്ടു പോരും..

അകിട് തൂങ്ങിയാൽ സൗന്ദര്യം
പോകും.. അത് കൊണ്ട്,
അമ്മിഞ്ഞ വിതരണം നിർത്തിവെച്ചവനാണീ
മതേതരൻ..
ചാണകം
പലിശക്ക് വാങ്ങി,
കടക്കെണിയിൽ പെട്ട്,
വൃക്ഷങ്ങൾ ആത്മഹത്യയുടെ വക്കിലാണ്
■

Vol. No: 69 Issue No. 41 Printed (at Roshni Press, Kozhikode-12) and published by K.M. Abdul Ahad on behalf of Islamic Service Trust
Kerala Kozhikode-12, Phone: 2730744 Fax: 0495- 2731342, E-mail: editorprabodhanam@gmail.com - Editor: T.K. Ubaid